**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2519

09/03/2017-ൽ മറുപടിയ്ക്ക്.

**പാൽ ഉല്പാദനത്തിന്റെ അളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ ദിനംപ്രതിയുള്ള പാൽ ഉല്പാദനത്തിന്റെ അളവ് എത്രയെന്ന് അറിയിക്കാമോ; ഇതിൽ മിൽമ വഴി വിതരണം ചെയ്യുന്ന പാലിന്റെ അളവെത്രയെന്ന് വ്യക്തമാക്കമോ; | (എ) | അസംഘടിത മേഖലയിലും സഹകരണ മേഖലയിലും ഉൾപ്പെടെ ഏകദേശം 78 ലക്ഷം ലിറ്റർ പാൽ ആഭ്യന്തരമായി പ്രതിദിനം ഉല്പാദിപ്പിക്കുന്നുണ്ട്. ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം ശരാശരി 16.43 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. ഇതിൽ 10.2 ലക്ഷം ലിറ്റർ പാൽ മിൽമയ്ക്ക് നൽകുന്നുണ്ട്. മിൽമയുടെ പ്രതിദിന പാൽവിപണനം ഏകദേശം 13 ലക്ഷം ലിറ്റർ ആണ്. |
| (ബി) | സ്വകാര്യ പാൽ ഉല്പാദനകമ്പനികൾ വഴി ദിവസേന എത്ര അളവ് പാലാണ് കേരളത്തിൽ വിറ്റഴിയുന്നത്; | (ബി) | സ്വകാര്യ പാലുല്പാദന കമ്പനികൾ കേരളത്തിൽ വിറ്റഴിക്കുന്ന പാലിന്റെ അളവ് കണക്കാക്കുന്നതിന് നിലവിൽ സംവിധാനമില്ല. |
| (സി) | പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തൊക്കെ സഹായങ്ങളാണ് ക്ഷീരവികസന വകുപ്പ് മുഖേന കർഷകർക്ക് നൽകുന്നത് എന്ന് വിശദീകരിക്കാമോ? | (സി) | പാലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും, സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലൂടെ കറവമാട്ടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, പാൽ |

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശത പെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.